**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 379** **08-06-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **Shri. P. Rajeeve**<br>**(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാർക്ക് ഒന്നാം ഘട്ട ലോക്ഡൗൺ കാലത്ത് (2020 മാർച്ച്, ഏപ്രിൽ) തടഞ്ഞുവച്ചിരിക്കുന്ന ശമ്പളവും ആനുകൂല്യങ്ങളും നാളിതുവരെ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് മഹാമാരിയെ തുടർന്നുള്ള ലോക്ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നതിനാൽ പൊതുമേഖലാ സ്പിന്നിംഗ് മില്ലുകൾ മേൽ കാലയളവിൽ 50% വേതനം/ശമ്പളം ആണ് നൽകിയത്. പൊതുമേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റൈൽസ്, ലോക് ഡൗണിനു മുൻപ് തന്നെ ലേഓഫിലായിരുന്നതിനാൽ ലേഓഫ് കോമ്പൻസേഷൻ ആണ് ഈ കാലയളവിൽ നൽകിയിട്ടുള്ളത്. |
| (ബി) | മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ ആധുനികവത്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (ബി) | മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ സംസ്ഥാന സർക്കാരിന്റെയും എൻ.സി.ഡി.സി യുടെയും സംയുക്ത സഹായത്തോടെ 23.14 കോടി രൂപയുടെ ആധുനികവത്കരണ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി 150 ലക്ഷം രൂപയുടെ ഓട്ടോ കോർണർ മെഷിൻ മില്ലിൽ സ്ഥാപിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ 168 ലക്ഷം രൂപ മില്ലിന് സർക്കാർ അനുവദിക്കുകയും ആയതു പയോഗിച്ച് ഒരു ഓട്ടോ കോർണർ മെഷിൻ കൂടി വാങ്ങാൻ മിൽ സപ്ലൈഓർഡർ നല്കിയിട്ടുമുണ്ട്. |
| (സി) | ആധുനികവത്കരണത്തിന് ആവശ്യമായ ഫണ്ട് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവത്കരണത്തിനായി 2021-2022 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 175 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രൊപ്പോസലിനുള്ള ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ